(ബി) തദ്ദേശഭരണസ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ സംബന്ധിച്ചു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് തദ്ദേശഭരണവകുപ്പാണ്. ഇതിനുവേണ്ട സഹായങ്ങൾ അതായത് സോഫ്റ്റ്വെയർ തയ്യാറാക്കുക, വിന്യസിക്കുക, പരിശീലനപരിപാടികൾ തയ്യാറാക്കുക, സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനുവേണ്ട സഹായങ്ങൾനൽകുക എന്നിവചെയ്യുന്നത് ഇൻഫർമേഷൻ കേരള മിഷനാണ്. ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങൾ എല്ലാമാസവും അവലോകനംചെയ്ത് വേണ്ടനിർദ്ദേശങ്ങൾ നൽകുന്നതിന് തദ്ദേശഭരണവകുപ്പിലെ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ മേധാവികളുടെ പ്രതിനിധികളും അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് റോഡുകളുടെ നിർമ്മാണം

112 (1582) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളെ ഒറ്റ യൂണിറ്റായി കണ്ട് പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളുടെ പണി വർഷംതോറും ചെയ്യുന്നതിനുപകരം അഞ്ചുവർഷത്തേക്കുള്ള പദ്ധതി ഒരുമിച്ച് തയ്യാറാക്കുന്ന സംവിധാനത്തെ കുറിച്ച് ആലോചിക്കുമോ ;

(ബി) റോഡ് പണിക്കായുള്ള ഫണ്ട് വാർഡുതലത്തിൽ പങ്കുവച്ച് നൽകുന്ന രീതിക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ ;

(സി) പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിൽ ഉണ്ടാകുന്ന ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പരിശോധനാ സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടാതെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും പരിശോധന നടത്തുന്നുണ്ട്.

അങ്കണവാടി വർക്കർമാർ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് വിലക്ക്

113 (1583) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടി വർക്കർമാർ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിലക്കിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly